**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സഹകരണ ബാങ്കുകളിലൂടെ നൽകിയ ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തത് - ബാങ്കുകൾക്ക് നൽകേണ്ട ഒന്നാം ഗഡു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്) നം.126/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 31/03/2015.

---

പരാമർശം (1) 13/09/2010 ലെ സ.ഉ. (എം.എസ്) നം.211/2010/തസ്വഭവ നമ്പർ ഉത്തരവ്
(2) 31.05.14 ലെ സ.ഉ.(എം.എസ്) നം.96/2014/തസ്വഭവ നമ്പർ ഉത്തരവ്
(3) 29/01/2015 ലെ സ.ഉ (എം.എസ്) നം. 19/2015/തസ്വഭവ നമ്പർ ഉത്തരവ്
(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.01.2015 ലെ കെ.എസ്/സി/4468/2010 നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് ദേശസാൽകൃത ബാങ്കുകൾ മുഖേന നൽകിയ ഭവനശ്രീ വായ്പയുടെ 30.06.2010 ന ശേഷമുള്ള തിരിച്ചടവ് പരാമർശം(1) ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. പരാമർശം (2) ഉത്തരവു പ്രകാരം കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ സഹകരണ ബാങ്കുകൾ മുഖേന നൽകിയ ഭവനശ്രീ വായ്പാ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിരുന്നു. ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തപ്പോൾ ദേശസാൽകൃത ബാങ്കുകൾ റിപ്പോർട്ടു ചെയ്യാൻ വിട്ടുപോയിട്ടുള്ള അഡീഷണൽ അക്കൗണ്ടുകളിലെ ഭവനശ്രീ വായ്പാ തുക കൂടി പരാമർശം (3) ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുത്ത് ഉത്തരവായിരുന്നു. സഹകരണ ബാങ്കുകളിലെ ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 57 സഹകരണ ബാങ്കുകൾക്ക് കുടിശ്ശിക തുകയായി നൽകേണ്ട 8,14,92,605/- രൂപയും ആദ്യ ഗഡുവായി നൽകേണ്ട 1,32,97,761/-രൂപയും ചേർത്ത 9,47,90,366/-രൂപ (ഒൻപത് കോടി നാല്പത്തേഴ് ലക്ഷത്തി തൊണ്ണൂറായിരത്തി മുന്നൂറ്റി അറുപത്താറ് രൂപാ മാത്രം) കുടുംബശ്രീ മിഷന് അനുവദിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2515 –00 –102 –38 Take over of Bhavanasree Loans of Co-operative Banks എന്ന ശീർഷകത്തിൻ കീഴിൽ വകയിരുത്തിയിരിക്കുന്ന 947.91 ലക്ഷം രൂപ കുടുംബശ്രീയ്ക്ക് റിലീസ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജയിംസ് വർഗീസ്,
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് /നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ.ബി.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.

✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മെമ്പർമാർ (SLBC കൺവീനർ മുഖാന്തിരം, SLBC, കാനറാ ബാങ്ക് സർക്കിൾ ഓഫീസ്, എം.ജി.റോഡ്, തിരുവനന്തപുരം ).
ധനകാര്യ (ഡെവ.) വകുപ്പ് ( 25076/ഡെവ.2/2015/ധന.).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാര,

സെക്ഷൻ ഓഫീസർ.